നിശ്ചയിച്ചുറപ്പിച്ചുവരുകയും ചെയ്യ. പരമാവധി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പ്രസ്തുത മരുന്നുകളുടെ വിൽപ്പന വകുപ്പ് നിരന്തരം പരിശോധിക്കുകയും ഉൽപ്പാദകർ പ്രസ്തുത ഉൽപ്പന്നത്തിന് അമിത വില ഈടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ടി മരുന്നുകളുടെ വിശദാംശങ്ങൾ ശേഖരിച്ച് അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുമുണ്ട്. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. മരുന്നുകളുടെ വിലനിയന്ത്രണത്തിൽ സംസ്ഥാന സർക്കാരിന് അധികാരങ്ങളൊന്നും തന്നെയില്ല. ഡയബറ്റീസിനായി ഔഷധ വില നിയന്ത്രണ അതോറിറ്റി പ്രത്യേകമായി എട്ടിനം മരുന്നുകൾ കൂടി വില നിയന്ത്രണത്തിന് വിധേയമാക്കിയിട്ടുണ്ട്.

(സി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്കായി ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയിൽ നിന്നും നേരിട്ട് മരുന്നുകൾ ശേഖരിച്ച് കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുവരുന്നുണ്ട്. കൂടാതെ വില നിയന്ത്രണം ഇല്ലാത്ത മരുന്നുകളുടെ അധിക വില കാരണം ചികിത്സാ ചെലവുകൾ താങ്ങാനാവാത്ത സാഹചര്യം നിലവിലുണ്ട്. ആയതിന് ആശ്വാസമേകുന്നതിലേയ്ക്കായി സർക്കാരിന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മാവേലി മെഡിക്കൽ സ്റ്റോറുകൾവഴി മരുന്നുകളുടെ വില വളരെ കുറച്ച് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സൗകര്യം ചെയ്യുവരുന്നു.

സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധന

3 (4806) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത അപാകതകൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സേഫ് കേരളയുടെ ഭാഗമായി ഇനിയും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോട്ടൽ മറ്റ് ഭക്ഷ്യ വിതരണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വക്കുറവും ഭക്ഷ്യ വിതരണ തൊഴിലാളികളിൽ രോഗമുള്ളവരും, മാലിന്യ സംസ്കരണത്തിൽ അപാകതയുള്ളതായും കണ്ടെത്തി. സ്കൂളുകളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങളുടെ അപാകതയും ശരിയായി ശുചിത്വം പാലിക്കാത്തതും കണ്ടെത്തി. ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും അടിസ്ഥാന ശുചിത്വ സൗകര്യങ്ങളും കുറവും ശ്രദ്ധയിൽപ്പെട്ടു. സ്റ്റാനിംഗ് സെന്ററുകളിൽ പി.എൻ.ഡി.റ്റി. ആക്ടിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തി. വീടുകളിലും സ്ഥാപനങ്ങളിലും പകർച്ചവ്യാധിക്ക് കാരണമാകുന്ന ധാരാളം സാഹചര്യങ്ങൾ കണ്ടെത്തി. സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ ലബോറട്ടറികൾ ശരിയായ യോഗ്യതയില്ലാത്തവരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതായും ലാബ് ഉപകരണങ്ങളുടെ കാര്യക്ഷമതാക്കുറവും കാലാവധി കഴിഞ്ഞ റീ ഏജന്റ് ഉപയോഗിക്കുന്നതായും ബയോ മെഡിക്കൽ മാലിന്യം ശരിയായി നിർമ്മാർജ്ജനം ചെയ്യാത്തതായും ഉപകരണങ്ങൾ അണുവിമുക്തി വരുത്താത്തതായും കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിശോധനാ സമയത്ത് വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, പിഴ അടപ്പിക്കുകയും മറ്റ് നിയമ നടപടികൾക്കായി ശിപാശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടിയും സാഹചര്യങ്ങളിലെ അപാകതകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി സേഫ് കേരളയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

മായം കലർന്ന വെളിച്ചെണ്ണ നിരോധിക്കൽ

4 (4807) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly